**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2905** **03-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതബസ്സ് സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിക് ബസ് സർവ്വീസുകൾ നടത്തുന്നത് മൂലം കെ.എസ്.ആർ.ടി.സി.-ക്ക് ലാഭം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2018 നവംബർ മാസത്തിലാണ് വെറ്റ് ലീസ് അടിസ്ഥാനത്തിൽ A/C ഇലക്ട്രിക്ക് ബസ്സുകൾ കെ.എസ്.ആർ.ടി.സി ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ 8 ഇലക്ട്രിക്ക് ബസുകളാണ് കോർപ്പറേഷനിൽ ഉള്ളത്. എന്നാൽ കോവിഡ് വ്യാപനംമൂലം സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ തുടർന്ന് നിലവിൽ ഇലക്ട്രിക് ബസുകൾ ഉപയോഗിച്ചുകൊണ്ടുള്ള സർവ്വീസുകൾ നടത്തുന്നില്ല. സർവ്വീസ് നടത്തിയിരുന്നപ്പോൾ ലഭിച്ച വരുമാനവും വാടകയും താരതമ്യം ചെയ്യുമ്പോൾ പ്രസ്തുത സർവ്വീസുകളിൽ നിന്നും ലാഭം ഉണ്ടായിട്ടില്ല. |
| (ബി) | എങ്കിൽ ഇത്തരം സർവ്വീസുകൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലെ ഡീസൽ ബസുകൾ ഇലക്ട്രിക് ബസ് ആയി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാപഠനം ശ്രീചിത്തിര തിരുന്നാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോ മൊബൈൽ ലിമിറ്റഡ് എന്നിവയുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ